LIBRARY ARCHIVES Kerala Legislative Assembly

യിലെ ഗവൺമെന്റ് വിജ്ഞാപനം എസ്.ആർ.ഒ. 255/05 പ്രകാരം പലിശ ഈടാക്കാവുന്നത് 12 ശതമാനമായി നിശ്ചയിച്ചിരുന്നു. എന്നാൽ ബഹു. കേരള ഹൈക്കോടതി WP(C) No.11891 of 2005 (N) 14-2-2007-ലെ വിധി പ്രകാരം ടി വിജ്ഞാപനം ഭാഗികമായി അസ്ഥിരപ്പെടുത്തുകയുണ്ടായി.

മേൽപ്പറഞ്ഞ കോടതി വിധിപ്രകാരം ഇപ്പോൾ 12% എന്ന നിരക്ക് നിലവിലില്ല. എന്നാൽ നിരക്ക് കൊമേഴ്സ്യൽ ബാങ്ക് ഈടാക്കുന്ന നിരക്കിൽ നിന്നും 2% കൂടുതൽ അധികരിക്കാൻ പാടുള്ളതല്ല. ഈ വ്യവസ്ഥ ലംഘിച്ചാൽ പിഴയോ, പ്രോസിക്യൂഷൻ നടപടിയോ സ്വീകരിക്കാവുന്നതാണ്.

മാന്ദ്യ വിരുദ്ധ പാക്കേജിലുൾപ്പെടുത്തി മണലൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ

169 (4523) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാന്ദ്യ വിരുദ്ധ പാക്കേജിലുൾപ്പെടുത്തി മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ & ബി) പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ വിശദാംശങ്ങളും ഇപ്പോഴത്തെ അവസ്ഥയും ചുവടെ ചേർക്കുന്നു.

1. ചാവക്കാട് - മുള്ളൂർ കായൽ റോഡ് 2/000 കി.മീറ്റർ മുതൽ 7/000 കി.മീ. വരെ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തി - 85% പ്രവൃത്തി പൂർത്തിയായി.

2. മറ്റം - ചേലൂർ - പെരുവല്ലൂർ റോഡ് അഭിവൃദ്ധിപ്പെടുത്തൽ - പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

3. ചാവക്കാട് - മുള്ളൂർക്കായൽ റോഡ് 7/000 കി.മീ. മുതൽ 11/920 കി.മീ. വരെ അഭിവൃദ്ധിപ്പെടുത്തൽ - 50% പ്രവൃത്തി പൂർത്തിയായി.

4. തൃശ്ശൂർ - കാഞ്ഞാണി - വാടാനപ്പള്ളി റോഡിൽ പെരുംപുഴ പാലത്തിന്റെ നിർമ്മാണം - ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

5. മിനിസിവിൽസ്റ്റേഷൻ അന്തിക്കാട് - പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

ജലവിഭവ (MI) വകുപ്പിൽനിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ വിശദാംശങ്ങളും ഇപ്പോഴത്തെ അവസ്ഥയും ചുവടെ ചേർക്കുന്നു :

1. തൃശ്ശൂർ ഇടിയാൻചിറ കനാലിൽ റെഗുലേറ്ററിന്റെ ഇൻവെസ്റ്റിഗേഷൻ (എസ്റ്റിമേറ്റ് തുക 4.15 ലക്ഷം) - ഇൻവെസ്റ്റിഗേഷൻ നടക്കുന്നു.

2. തൃശ്ശൂർ ജില്ലയിൽ കരുവന്നൂർപുഴയിൽ ഇടിയാൻചിറ റെഗുലേറ്ററിന്റെ നിർമ്മാണം (എസ്റ്റിമേറ്റ് തുക 183 ലക്ഷം) - ആരംഭിച്ചിട്ടില്ല.

3. തൃശ്ശൂർ ജില്ലയിൽ ഇടിയാൻചിറ കനാലിൽ പതിയാൻകുളങ്ങരയിൽ സ്ഥിരമായി ഒരു സ്ലൂയിസിന്റെ നിർമ്മാണം (എസ്റ്റിമേറ്റ് തുക 139.50 ലക്ഷം) - ഇൻവെസ്റ്റിഗേഷൻ നടക്കുന്നു..

4. മണിച്ചാലിൽ പാറപ്പുഴ തോടിന്റെ മുഖത്ത് ഒരു സ്ഥിരം സ്ലൂയിസിന്റെ നിർമ്മാണം (എസ്റ്റിമേറ്റ് തുക 94 ലക്ഷം) - ആരംഭിച്ചിട്ടില്ല.

5. മണലൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീം (എസ്റ്റിമേറ്റ് തുക 13.70 ലക്ഷം)- ടെണ്ടർ ചെയ്തിട്ടുണ്ട്.

6. അന്തിക്കാട് ലിഫ്റ്റ് ഇറിഗേഷൻ സ്കീം (എസ്റ്റിമേറ്റ് തുക 13.50 ലക്ഷം)- നിർമ്മാണം പുരോഗമിക്കുന്നു.

7. അരിമ്പൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീം (എസ്റ്റിമേറ്റ് തുക 21.50 ലക്ഷം)- ടെണ്ടർ ചെയ്തിട്ടുണ്ട്.

പുതിയ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി

171 (4524) ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ മിനിസിവിൽസ്റ്റേഷനുകൾ നിർമ്മിക്കുന്നതിന് കഴിഞ്ഞ സാമ്പത്തികവർഷം എത്ര തുകയാണ് വകയിരുത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) നിർമ്മിക്കാനുദ്ദേശിച്ചിരുന്ന മിനി സിവിൽ സ്റ്റേഷനുകൾ ഏതെല്ലാമെന്ന് ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ ;

(സി) ഇതിൽ എത്ര മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം ആരംഭിച്ചുവെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2009-2010 -ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 19 മിനി സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 10 കോടി രൂപ അനുവദിക്കുന്നതായി ധനകാര്യ മന്ത്രി പ്രഖ്യാപിച്ചിരുന്നു. അതിന്റെ പ്രാരംഭ നടപടികൾക്കായി 10.89 ലക്ഷം രൂപ ബഡ്ജറ്റിൽ ടോക്കൺ-വിഹിതമായി വകയിരുത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly